20 (576) കെ.എസ്.ഐ.ഡി.സി.യുടെ റീജിയണൽ ഓഫീസ്

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.ക്ക് കൊച്ചിയിൽ ഒരു റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) പ്രാരംഭത്തിൽ ഈ ഓഫീസിന്റെ അധികാരങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ അധികാരങ്ങളിൽ എന്തെങ്കിലും കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ:

ഉത്തരം

(എ) ഉണ്ട്. മേയ് 1996 മുതൽ

(ബി) സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ വിശകലനം ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് സമർപ്പിക്കുക, സാമ്പത്തികസഹായം അനുവദിച്ച അപേക്ഷകളിൽ നിയമ സാമ്പത്തിക നടപടിക്രമങ്ങൾ പൂർത്തിയാക്കി പണം നൽകുക, സാമ്പത്തിക സഹായം അനുവദിച്ചതും നിയമ നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതുമായ അപേക്ഷകളിൻമേൽ 75% വരെ ബ്രിഡ്ജ് ലോണായി കൊടുക്കുക എന്നിവയായിരുന്നു.

(സി) ചില അധികാരങ്ങൾ ഇടയ്ക്കുവച്ച് വെട്ടിക്കുറച്ചുവെങ്കിലും പിന്നീടവ പുനഃസ്ഥാപിച്ചിട്ടുണ്ട്.

21 (577) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ ഷെയറുകൾ

ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കോമിൻ കോയിമാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ വില്പന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഷെയറുകളാണ് വിറ്റത്; എന്തുവിലകിട്ടി. ഇത് തത്സമയം നിലവിലിരുന്ന മാർക്കറ്റുവിലയേക്കാൾ താഴ്ത്തിയാണോ വിറ്റത്; എങ്കിൽ ഇതിന്റെ ഉദ്ദേശമെന്തായിരുന്നു;

(സി) ഷെയർ വില്പന നടത്തി കിട്ടിയ തുക എവിടെയാണ് നിക്ഷേപിച്ചതെന്നറിയുമോ; നിക്ഷേപം നടത്തപ്പെട്ട സ്ഥാപനം സ്വകാര്യസ്ഥാപനമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഷെയർ വില്പനയിലൂടെ ലഭിച്ച തുക വീണ്ടും നിക്ഷേപം നടത്തിയപ്പോൾ പ്രതിവർഷം എന്തു തുക ആദായം ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഇ) കോർപ്പറേഷനിലെ ആർക്കെങ്കിലും എതിരെ വിജിലൻസ് വകുപ്പ് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൂറുരൂപ മുഖവിലയുള്ള 80560 ഷെയറുകളാണ് വിറ്റത്. ഷെയർ വിറ്റത് കമ്പനിയുടെ പ്രൊമോട്ടർമാർക്കാണ്. വിൽക്കുന്നതിനുമുൻപ് വിലപേശിയാണ് വില ഉറപ്പിച്ചത്. അതുപ്രകാരം സാമ്പത്തിക പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ബോംബെ, കൽക്കട്ട എന്നീ സ്റ്റോക്ക് എക്സ്ചേഞ്ചുകളിലെ വിലകളെയും കൂടി ആശ്രയിച്ചാണ് വില നിശ്ചയിച്ചത്. നിലവിലുണ്ടായിരുന്ന മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഷെയറുകൾ വില്പന നടത്തിയ തുകൊണ്ട് കെ.എസ്.ഐ.ഡി.സി.ക്ക് 29,88,776 രൂപയുടെ നഷ്ടം ഉണ്ടായതായി വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഷെയർ വിറ്റുകിട്ടിയ തുക കെ.എസ്.ഐ.ഡി.സിയുടെ ദൈനംദിന ആവശ്യത്തിനുള്ള തുക കിഴിച്ച് ബാക്കി 8.92 കോടി രൂപ എച്ച്.ഡി.എഫ്.സി. യിലാണ് നിക്ഷേപിച്ചത്. എച്ച്.ഡി.എഫ്.സി. ഒരു സർക്കാർ സ്ഥാപനമല്ല.

(ഡി) 12.5 ശതമാനം.

(ഇ) ഇല്ല. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൻമേൽ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

22 (578) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ സ്ഥാനചലനം

ശ്രീ. ജോർജ്. ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ജെയിംസ് ജോസഫിനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുകയുണ്ടായോ;

(ബി) എങ്കിൽ കാരണങ്ങൾ എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനം ബാധിക്കത്തക്ക വിധത്തിൽ എം.ഡി.യും സഹപ്രവർത്തകരും തമ്മിൽ വളർന്നുവന്ന ചില അഭിപ്രായവ്യത്യാസങ്ങൾ തുടരുന്നത് ഗുണകരമല്ല എന്നു ബോദ്ധ്യമായതിനാൽ ശ്രീ.ജയിംസ് ജോസഫിനെ എം.ഡി. സ്ഥാനത്തുനിന്നും നീക്കി.

23 (579) ഇന്റർനാഷണൽ അപ്പാരൽ പാർക്ക്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ മേൽനോട്ടത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly